"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/111/2024-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-05-2024

## സർക്കുലർ -അടിയന്തിരം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഉഷ്ണതരംഗം ജാഗ്രത മുന്നറിയിപ്പ്- ഹരിതകർമ്മസേനാംഗങ്ങളുടെ മാലിന്യ നിർമ്മാർജ്ജന മേഖലകളിലെ പ്രവർത്തനങ്ങളുടെ ക്രമീകരണം സംബന്ധിച്ച്.

സംസ്ഥാനത്ത് ഉണ്ടാകുന്ന അതിശക്തമായ വേനൽ ചൂടിന്റെ ഫലമായി സൂര്യാഘാതം, സൂര്യതാപം എന്നിവ ഉണ്ടാകാൻ സാധ്യതയുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഉഷ്ണതരംഗ ജാഗ്രത മുന്നറിയിപ്പുകൾ കേന്ദ്ര കാലാവസ്ഥാ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പുറപ്പെടുവിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ മാലിന്യ സംസ്കരണമേഖലയിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. സംസ്ഥാന / ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2. ഉഷ്ണതരംഗ ജാഗ്രത മുന്നറിയിപ്പുകളുള്ള ജില്ലകളിൽ ഹരിതകർമ്മസേനാംഗങ്ങളുടെ വാതിൽപ്പടി ശേഖരണം രാവിലെ 11 മണിവരെയും വൈകുന്നേരം മൂന്ന് മണിക്ക് ശേഷവും എന്ന രീതിയിൽ ക്രമപ്പെടുത്തേണ്ടതാണ്.

3. വാതിൽപ്പടി ശേഖരണത്തിനു പോകുന്ന ഹരിതകർമ്മസേനാംഗങ്ങൾ ആവശ്യത്തിന് കുടിവെള്ളം, ഒ.ആർ.എസ് പാക്കറ്റുകൾ, സൂര്യരശ്മിയെ തടയുന്നതിന് പുരട്ടുന്ന സൺസ്ക്രീൻ ക്രീമുകൾ/ ലോഷനുകൾ എന്നിവ കരുതേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഒരുക്കേണ്ടതാണ്.

4. ആവശ്യമെങ്കിൽ യൂണിഫോമിന്റെ ഭാഗമായുള്ള കട്ടി കൂടിയ ഓവർ കോട്ടുകൾ താത്കാലികമായി ഒഴിവാക്കാവുന്നതാണ്.

5. വാതിൽപ്പടി ശേഖരണത്തിന് പോകുന്ന ഹരിതകർമ്മസേനാംഗങ്ങൾക്കാവശ്യമുള്ള കുടിവെള്ളം വീടുകളിലും സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തരത്തിലുള്ള ക്രമീകരണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരുക്കേണ്ടതാണ്.

6. വാതിൽപ്പടി ശേഖരണം നടത്തുന്ന വേളയിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് വിശ്രമിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ/ സ്ഥാപനങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഇതിനാവശ്യമായ ക്രമീകരണം

തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരുക്കേണ്ടതാണ്. ഇത്തരത്തിൽ ക്രമീകരിക്കുമ്പോൾ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം ഉണ്ടാകാൻ പാടില്ലാത്തതുമാണ്.

7. വാതിൽപ്പടി ശേഖരണത്തിന് പോകുന്ന ഹരിത കർമ്മ സേനാംഗങ്ങൾ അയഞ്ഞ ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ, കുട/തൊപ്പി, പാദരക്ഷകൾ എന്നിവ ഉപയോഗിക്കേണ്ടതുമാണ്.

8. പ്രായമായവർ, ഗർഭിണികൾ, മറ്റു രോഗങ്ങൾ മൂലം അവശത അനുഭവിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവർ വാതിൽപ്പടി ശേഖരണത്തിന് പോകുമ്പോൾ പരമാവധി നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. അതീവ ജാഗ്രതാ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ വാതിൽപ്പടി ശേഖരണത്തിനാവശ്യമായ ക്രമീകരണം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഒരുക്കേണ്ടതാണ്.

10. സൂര്യാഘാതം/ സൂര്യതാപം എന്നിവയുടെ ലക്ഷണങ്ങൾ കണ്ടാൽ ചെയ്യേണ്ട പ്രാഥമിക ശുശ്രൂഷയെ കുറിച്ചുള്ള ധാരണയും, സൂര്യാഘാതം/ സൂര്യതാപം ഉഷ്ണതരംഗം എന്നിവ കുറിച്ചുള്ള ബോധവത്ക്കരണവും ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

11. MCF/RRF കളിൽ വായു സഞ്ചാരം, (പെഡസ്റ്റൽ ഫാൻ/ കൂളർ) എമർജൻസി മെഡിസിൻസ്, ORS പാക്കറ്റ്, വിശ്രമ സൗകര്യം എന്നിവ ഉറപ്പാക്കേണ്ടതാണ്.

**മേൽ സൂചിപ്പിച്ചിട്ടുള ഒരുക്കങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ ഉടനടി അവലോകനം ചെയ്ത് ഉറപ്പ് വരുത്തുകയും ഇട്ടു സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കാര്യാലയത്തിനു മെയ് 3 നുള്ളിൽ നൽകുകയും വേണം.**

**********************

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 01-05-2024 08:59:54

സെക്ഷൻ ഓഫീസർ

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, LSGD,മുഖേന
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്